**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2417** **12-02-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ വകുപ്പിന്റെ കെ-സ്മാർട്ട് മൊബൈൽ ആപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ വിശദമാക്കാമോ; | (എ) | **കെ-സ്മാർട്ട് മൊബൈൽ ആപ്പ് മുഖേന ആദ്യഘട്ടത്തിൽ നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1. ജനനം, മരണം, വിവാഹം എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം**<br><br>**2. ഉപയോക്താവിന് സ്വന്തമായി യൂസർ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം.**<br><br>**3. സിവിൽ രജിസ്ട്രേഷനുകളിൽ മികച്ചതും വിപുലവുമായ രീതിയിൽ തിരച്ചിൽ നടത്തുന്നതിനുള്ള സംവിധാനം**<br><br>**4. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം**<br><br>**5. സിവിൽ രജിസ്ട്രേഷൻ പ്രോപ്പർട്ടി ടാക്സ് എന്നിവയുമായി ബന്ധപ്പെട്ട വേഗതയേറിയ പേയ്മെന്റ് സംവിധാനം**<br><br>**കെ-സ്മാർട്ട് ജി.ഐ.എസ് - Know Your Land എന്ന മൊബൈൽ ആപ്പിലൂടെ ഉപയോക്താവിന് ഒരു സ്ഥലത്ത് ഏതെല്ലാം തരത്തിലുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കാൻ കഴിയുക എന്നും, പ്രസ്തുത സ്ഥലം Airport Zone, Railway Zone, Coastal Regulation Zone (CRZ) എന്നിവയിൽ ഉൾപ്പെട്ടതാണോ എന്ന വിവരവും അറിയാൻ സാധിക്കും.** |
| (ബി) | കെ-സ്മാർട്ട് മൊബൈൽ ആപ്പ് വഴിയുള്ള സേവനങ്ങൾ പരിചയപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. കെ-സ്മാർട്ട് നടപ്പിലാക്കിയ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.കെ.എം സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ Facilitation സെന്ററുകൾ മുഖേന വരുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകി വരുന്നു. അക്ഷയ സെന്റർ |

| | | | |
|---|---|---|---|
| | | | മുഖേനയും ആവശ്യമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും സജ്ജമാണ്. ഐ.കെ.എമ്മിന്റെ റാപിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക് സംവിധാനത്തിലൂടെയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും സജ്ജമാണ്. കെ-സ്മാർട്ട് സംബന്ധിച്ച വീഡിയോ ട്യൂട്ടോറിയലുകൾ, ചോദ്യോത്തരങ്ങൾ അടങ്ങുന്ന ലഘു രേഖകൾ ഐ.കെ.എമ്മിന്റെ വെബ് സൈറ്റിലും, അർബൻ ലോക്കൽ ബോഡികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇ-ലിറ്ററസിയുടെ ഭാഗമായുള്ള ക്യാമ്പയ്നിൽ കൂടുതൽ പരിശീലനങ്ങൾ ഉൾപ്പെടുത്തി എല്ലാ സിറ്റിസണും കെ-സ്മാർട്ട് ഉപയോഗിക്കുന്നതിന് സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ